ന്നതിനു വേണ്ടി സമഗ്ര കനാൽ വികസനത്തിന് ടൂറിസം വകുപ്പിന് പരിപാടി യുണ്ട്. 'നാറ്റ്പാക്' എന്ന സ്ഥാപനത്തെക്കൊണ്ട് ഇതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പുമായി സഹകരിച്ചായി രിക്കും പദ്ധതി നടപ്പാക്കുക. ഹൗസ്ബോട്ടുകളുടെ പ്രവർത്തനം മലബാറിലേ ക്കുകൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നീലേശ്വരം, പറശ്ശിനിക്കടവ്, കോഴി ക്കോട്, ചേറ്റുവ എന്നീ സ്ഥലങ്ങളിൽ ഹൗസ്ബോട്ടുകൾ നൽകുന്നതാണ്.

(സി)-(ഇ) സ്വകാര്യമേഖലയിലാണ് ഹൗസ്ബോട്ടുകൾ കൂടുതലും പ്രവർത്തിക്കുന്നത്. ആലപ്പുഴ, കൊല്ലം, കുമരകം എന്നീ കേന്ദ്രങ്ങളിലാണ് പ്രധാനമായും ഇപ്പോൾ ഹൗസ്ബോട്ടുകൾ നിലവിലുള്ളത്. സർക്കാർ ഉടമ സ്ഥതയിൽ വാങ്ങിയ ഏതാനും ഹൗസ്ബോട്ടുകൾ കെ.ടി.ഡി.സി.യും, കൊല്ലം, കോഴിക്കോട് ഡി.റ്റി.പി.സി. കളും പ്രവർത്തിപ്പിക്കുന്നുണ്ട്. മലബാർ മേഖലയിൽ സർവ്വീസ് നടത്തുന്നതിനുവേണ്ടി നാല് പുതിയ ഹൗസ്ബോട്ട് നിർമ്മിക്കുന്നതിനുള്ള കരാർ നൽകിയിട്ടുണ്ട്. പറശ്ശിനിക്കടവിലും, നീലേശ്വര ത്തുമാണ് ഈ ബോട്ടുകൾ പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. കോഴിക്കോ ട്, തൃശൂർ എന്നീ ജില്ലകൾക്കുവേണ്ടി നാല് ഹൗസ്ബോട്ടുകൾ കൂടി ഉടനെ നിർമ്മിക്കുന്നതാണ്.

(എഫ്)പൊതുമേഖലാ സ്ഥാപനങ്ങളായ എയർ ഇൻഡ്യയേയും ഇൻഡ്യൻ എയർ ലൈൻസിനേയും സഹായിക്കുന്ന വ്യോമയാന നയമാണ് കേന്ദ്ര സർക്കാർ പിന്തുടരുന്നത്. കേരളത്തിലെ അന്താരാഷ്ട്ര നിലവാരമുള്ള വിമാനത്താവളങ്ങളിൽനിന്ന് വിദേശ വിമാന കമ്പനികളെ പിന്തിരിപ്പിക്കുന്ന കേന്ദ്ര നയം കാരണം കേരളത്തിലെ ടൂറിസം വികസനം ഒരു പരിധിവരെ പ്രതിസന്ധി നേരിടുന്നുണ്ട്. വിദേശനഗരങ്ങളിൽ നിന്നും നേരിട്ടുള്ള വിമാന സർവ്വീസുകൾ മുഖേന കേരളത്തിലെത്താൻ ടൂറിസ്റ്റുകൾക്ക് സൗകര്യം ലഭി ച്ചാൽ അന്താരാഷ്ട്ര ടൂറിസ്റ്റുകളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്നാണ് സർക്കാരിന്റെ വിലയിരുത്തൽ.

(ജി) സംസ്ഥാനത്തെ എല്ലാ വിമാനത്താവളങ്ങളിൽനിന്നും സർവ്വീസ് നടത്താൻ വിദേശ വിമാന കമ്പനികൾക്ക് അനുമതി നൽകുവാൻ കേന്ദ്രത്തോട് പലതവണ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വർഷം കേന്ദ്രം വിളിച്ചു ചേർത്ത ടൂറിസം മന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന ടൂറിസം മന്ത്രി മുഖ്യ മായും കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി ഉന്നയിച്ച വിഷയവും ഇതാ യിരുന്നു. ഈ പ്രശ്നത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും വ്യക്തമായ ഒരു ഉറപ്പും ഇതുവരെ ലഭിച്ചിട്ടില്ല.

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച്

28(*328)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് കേരള ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുവാനു ള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വശദമാക്കുമോ?

(ബി) ഇതിനായി ഗവൺമെന്റ്തലത്തിൽ ഇനിയും എന്ത് നടപടി യാണ് സ്വീകരിക്കുവാനുള്ളതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ)&(ബി)കേന്ദ്ര നിയമ മന്ത്രിയിൽനിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച കത്തിൽ ആവശ്യപ്പെട്ട പ്രകാരം തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. മറുപടി ലഭിച്ചാൽ തുടർ നടപടികൾ ആലോചിക്കുന്നതാണ്.

രക്തലഭ്യതാ സംവിധാനം നടപ്പിലാക്കാൻ നടപടി

28 (*328)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ടെന്ന റിയിക്കുമോ; ഇതിൽ എത്രയെണ്ണം സ്വകാര്യ മേഖലയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ/സർക്കാർ ബ്ലഡ്ബാങ്കുകളിലെ രക്തത്തിന്റെ വിലനിലവാരം വെളിപ്പെടുത്തുമോ;

(സി) കേരളത്തിൽ പ്രൊഫഷണൽ രക്തദാതാക്കൾ രക്തം വിൽക്കുന്നതായും മൂന്നുമാസത്തെ ഇടവേള എന്ന നിഷ്കർഷയില്ലാതെ രക്തം നൽകുന്ന ഇവർ ആരോഗ്യപ്രശ്നങ്ങൾ വരുത്തിവയ്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് സ്കൂളുകളിലേയും കോളേജുകളിലേയും ഓഫീസുകളിലേയും വിദ്യാർത്ഥികളുടേയും ജീവനക്കാരുടേയും രക്തം പരിശോധിച്ച് ഗ്രൂപ്പ് നിർണ്ണയിക്കാനും നിശ്ചിത ഇടവേളകളിൽ രക്തദാനം നടത്താനും ഉതകുന്ന തരത്തിൽ ഫലപ്രദമായി ഒരു രക്തലഭ്യതാ സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) കേരളത്തിൽ ആകെ 107 രക്തബാങ്കുകൾ പ്രവർത്തിക്കുന്നു. അതിൽ 77 എണ്ണം സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത്.

(ബി) രക്തത്തിനുവേണ്ടി വില ഈടാക്കുന്നില്ല. എന്നാൽ രക്തത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്ക്രീനിംഗ് ടെസ്റ്റുകൾ നടത്തുന്ന ഇനത്തിലും ബ്ലഡ്ബാങ്കിനുംകൂടി കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളതുക 250 മുതൽ 500 രൂപവരെയാണ്.

(സി) കേരളത്തിൽ രക്തബാങ്കുകൾ പ്രൊഫഷണൽ രക്തദാതാക്കളിൽ നിന്നും രക്തം ശേഖരിക്കുന്നതായി റിപ്പോർട്ടില്ല. 1998 മുതൽ പ്രൊഫഷണൽ രക്തദാനം കർശനമായും നിരോധിച്ചിട്ടുണ്ട്. 3 മാസത്തെ ഇടവേള എന്നത് ഓരോ രക്തദാനത്തിനുശേഷവും നിഷ്ക്കർഷിച്ച് വരുന്നുണ്ട്.

(ഡി) പ്രതിഫലേച്ഛ കൂടാതെ രക്തദാനം ചെയ്യുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly